# പതിനാലാം കേരള നിയമസഭ
## 19-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.36** **02.03.2020-ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക് നിരോധനത്തിന്റെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്: | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയ പ്ലാസ്റ്റിക് നിരോധനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമ ലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തി വരുകയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തു വരുന്നു. കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചു വരുന്നുണ്ട്. ജില്ലാ തല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചു കൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും, വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.കൂടാതെ Branded വസ്തുക്കളുടെ |

| | |
|---|---|
| | നിർമ്മാതാക്കളെ/വിതരണക്കാരെ Extended Producers Responsibility പ്രകാരം അവരിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ, Web Portal എന്നിവ അന്തിമ ഘട്ടത്തിലാണ് |
| (ബി) ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ കവറുകൾ തിരിച്ചെടുക്കുന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) Branded വസ്തുക്കളെ നിരോധനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ /വിതരണക്കാർ എന്നിവരെ Extended Producers Responsbility പ്രകാരം അവരുടെ ഉൽപ്പന്നങ്ങളുടെ കൈകാര്യ ചെലവിനായി ഒരു നിശ്ചിത ഫീസ് ഖര മാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകേണ്ടതായിട്ടുണ്ട്. ഇതിൻ പ്രകാരം Extended Producers Responsibility fund, അതിനായുള്ള Web portal എന്നിവ അന്തിമഘട്ടത്തിലാണ്. |
| (സി) സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉൽപാദകരും വിതരണക്കാരും ഇതുവരെ മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരളാ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന വസ്തുത സർക്കാർ പരിശോധിക്കുമോ? | (സി) ഉൽപാദകരും വിതരണക്കാരും മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരളാ കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനായി സമീപിച്ചിട്ടുള്ളതും അതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ